"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2515-00-102-29-PV ശീർഷകത്തിൽ കുടുംബശ്രീയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തേക്ക് 9,88,78,000/- രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2878/2025/LSGD    തീയതി,തിരുവനന്തപുരം, 25-11-2025

---

പരാമർശം:-

1. 07/04/2025-ലെ സ.ഉ.(സാധാ)നം.922/2025/തസ്വഭവ
2. 01/11/2025-ലെ സ.ഉ.(കൈ)നം.198/2025/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/11/2025 -ലെ KSHO/1959/2025-M1 നം. കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തികവർഷത്തിൽ കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിനത്തിൽ പദ്ധതികളുടെ നടത്തിപ്പിനായി 2515-00-102-29 PV ശീർഷകത്തിൽ 230 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നല്കി ഉത്തരവായിട്ടുണ്ട്.

2. കുടുംബശ്രീ ADS-കൾക്കുള്ള പ്രവർത്തനഗ്രാന്റ് 2025 നവംബർ മാസം മുതൽ പ്രാബല്യത്തിൽ പ്രതിമാസം 1000 രൂപ അനുവദിക്കുന്നതിനും ആയതിന് ആവശ്യമായ ചെലവ് 2515-00-102-29-PV ശീർഷകത്തിൽ കുടുംബശ്രീയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നല്കിക്കൊണ്ട് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്.

3. അതിലേക്ക് 2025-26 സാമ്പത്തികവർഷം അധികമായി ആവശ്യമായി വരുന്ന 9,88,78,000/-രൂപ 2025-26 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിനുപരിയായി അനുവദിച്ച് നൽകുന്നതിന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ പ്രൊപോസൽ പ്രകാരം 2515-00-102-29-PV ശീർഷകത്തിൽ കുടുംബശ്രീയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിലേക്ക് 9,88,78,000/- രൂപ (രൂപ ഒൻപത് കോടി എൺപത്തിയെട്ട് ലക്ഷത്തി എഴുപത്തി എണ്ണായിരം മാത്രം) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

5. തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശീർഷകത്തിലേക്കു കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-3/281/2025-FIN dt 17.11.2025, E -3319180 പ്രകാരം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. LSGD-IA1/342/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-11-2025 13:08:39

സെക്ഷൻ ഓഫീസർ